# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4826 27.10.2016 ൽ മറുപടിക്ക്

## കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂൾ

ചോദ്യം

ശ്രീ.മോൻസ് ജോസഫ്

ഉത്തരം

പ്രൊഫ സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ 2013 നവംബർ 18- ന് എത്ര കരാർ, താല്ക്കാലിക ജീവനക്കാർ ജോലി ചെയ്തിരുന്നുവെന്നും, ഇപ്പോൾ ഓപ്പൺ സ്കൂളിന്റെ പുതിയ രൂപമായ സ്കോൾ കേരളയിൽ എത്ര കരാർ, താത്ക്കാലിക ജീവനക്കാരുണ്ടെന്നും വ്യക്തമാക്കാമോ; | എ) കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ 2013 നവംബർ 18- ന് 65 കരാർ ജീവനക്കാർ ജോലിചെയ്തിരുന്നു. ഇപ്പോൾ ഓപ്പൺസ്കൂളിന്റെ പുതിയ രൂപമായ സ്കോൾ - കേരളയിൽ കരാർ ജീവനക്കാരായി ആരുംതന്നെയില്ല. ദിവസവേതന വ്യവസ്ഥയിൽ 88 ജീവനക്കാർ ജോലി ചെയ്യുവരുന്നു. |
| ബി) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ നിന്നും 2013 നവംബർ 18- ന് കരാർ അവസാനിപ്പിച്ച് പിരിച്ചുവിട്ട ജീവനക്കാർക്ക് പകരം എത്ര പേരെ ഇവിടെ നിയമിച്ചുവെന്ന് വ്യക്തമാക്കാമോ; പകരം നിയമനത്തിന് എഴുത്തു പരീക്ഷയോ അഭിമുഖമോ നടത്തിയിരുന്നോ യെന്ന് വ്യക്തമാക്കാമോ; | ബി) 2013 നവംബർ 18-ന് പിരിച്ചുവിട്ട 65 കരാർ ജീവനക്കാർക്കുപകരം ഒന്നാംഘട്ടമായി 22.11.2013- ലെ അറിയിപ്പുവഴി 39 പേരെ നിയമിച്ചു. ഇതിൽ 11 പേർ 18.11.2013-ൽ പിരിച്ചുവിടപ്പെട്ടവരാണ്. രണ്ടാംഘട്ടമായി 10.01.2014 -ലെ അറിയിപ്പ് പ്രകാരം 29 പേരെ നിയമിച്ചു. ഇതിൽ 25 പേർ 18.11.2013-ൽ പിരിച്ചുവിടപ്പെട്ടവരാണ്. മൂന്നാംഘട്ടമായി No.WA638/14 In WP(C) No.27145/13 ന്റെ വിധിയുടെഉടി അടിസ്ഥാനത്തിൽ 28 പേർക്ക് 12.08.2016 ലെ സ്കോൾ കേരള എക്സിക്യൂട്ടീവ് കൗൺസിൽ തീരുമാനപ്രകാരം പുനർനിയമനം നൽകി. ഇപ്രകാരം ആകെ 96 പേരെ പകരം നിയമിച്ചു. 22.11.2013-ലെ അറിയിപ്പ് പ്രകാരമുള്ള ഒന്നാം ഘട്ടത്തിലെയും, മൂന്നാംഘട്ടത്തിലെയും നിയമനത്തിന് അഭിമുഖമോ എഴുത്തുപരീക്ഷയോ നടത്തിയിരുന്നില്ല. |
| സി) ഓപ്പൺസ്കൂളിൽ നിന്നും 2013 നവംബർ 18-ന് പിരിച്ചുവിട്ട എല്ലാവരേയും ഓപ്പൺ സ്കൂളിലും,ഓപ്പൺ സ്കൂളിന്റെ പുതിയ രൂപമായ സ്കോൾ കേരളയിലും ഇതിനകം തിരിച്ചെടുക്കുകയോ; പുനർ നിയമിക്കുകയോ ചെയ്യതിനാൽ പിരിച്ചു വിട്ടവർക്ക് പകരം നിയമിച്ചവരുടെ കാര്യത്തിൽ എന്തു തീരുമാനം കൈക്കൊണ്ടെന്ന് വിശദമാക്കാമോ ; | സി) പിരിച്ചുവിട്ടവർക്കുപകരം നിയമിച്ചവരുടെ കാര്യത്തിൽ പ്രത്യേക തീരുമാനമൊന്നും ഇതുവരെ എടുത്തിട്ടില്ല. |

ഡി)

2013 നവംബർ 18 ന് ഓപ്പൺ സ്കൂളിൽ നിന്ന് പിരിച്ചുവിട്ടവരെയെല്ലാം തിരിച്ചെടുത്തശേഷവും. ഇവർക്ക് പകരം നിയമിച്ചവരെ സർവ്വീസിൽ ഇടരാൻ അനുവദിക്കുകവഴി പ്രതിമാസം എത്ര രൂപയുടെ അധിക സാമ്പത്തിക ബാധ്യതയാണ് സ്ഥാപനത്തിനുണ്ടാകുന്നതെന്ന് വ്യക്തമാക്കാമോ?

ഡി)

പിരിച്ചുവിട്ടവർക്കുപകരം നിയമിച്ച 96 പേരിൽ 88 പേർ ഇപ്പോൾ ജോലിയിൽ ഇടരുന്നു. ഇതിൽ58 പേർ2013 നവംബർ 18 ന് പിരിച്ചുവിട്ടതിൽനിന്നും നിയമനം/ പുനർനിയമനം നൽകിയവരാണ്. അല്ലാതെ ദിവസ വേതന നിയമനം നൽകിയ 30 പേരും ജോലിയിൽ ഇടരുന്നു. ഈ 30 പേരിൽ 27 പേർക്ക് പ്രതിദിനം 675/- രൂപ,2 പേർക്ക് പ്രതിദിനം 600/-രൂപ.ഒരാൾക്ക് പ്രതിദിനം 650/- രൂപ എന്നീ നിരക്കുകളിലാണ് വേതനം നൽകുന്നത്. ദിവസവേതന വ്യവസ്ഥയിലെ നിയമനം ആകയാൽ ജോലിയിൽ ഹാജരാകുന്ന ദിവസത്തെ അടിസ്ഥാനമാക്കിയാണ് വേതനം നൽകി വരുന്നത്.

സെക്ഷൻ ഓഫീസർ